
9 -ാം വർഷം
2025
ഏപ്രിൽ 17
പെസഹാ വ്യാഴം



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# പരമമായ കൽപന

പുറ. 12:1-20; മലാ. 1:10-14; 1 കോറി. 11:23-29;
യോഹ. 13:1-14 + മത്താ. 26:26-30

ആളുകൾ കൂടുന്ന വലിയ ആഴ്ച

യേശുവിന്റെ പീഡാനുഭവത്തിന്റെ സ്മരണകൾ കൊണ്ടാടുന്ന, ഏറ്റവും പ്രധാനപ്പെട്ട മൂന്നു ദിനങ്ങൾ ആരംഭിക്കുന്നത് പെസഹാ വ്യാഴാഴ്ച അനുസ്മരണത്തോടെയാണ്. ലോകത്തു ആകമാനമുള്ള ക്രിസ്ത്യാനികൾ വിശുദ്ധവാര കർമങ്ങളിൽ പങ്കെടുക്കുന്നു. അൻപത് ദിവസമായി നോമ്പെടുത്തു ഒരുങ്ങി, ശരീരവും മനസും ഒരുക്കിയതിനു ശേഷമാണ് നമ്മൾ വിശുദ്ധവാര കർമ്മങ്ങളിലേക്കു പ്രവേശിക്കുന്നത്. വിശുദ്ധമായ ജീവിതത്തിന്റെ വിശുദ്ധമായ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർക്ക് വേണ്ട വിശുദ്ധിക്കായാണ് നാം നോമ്പെടുത്തും, ഉപവസിച്ചും, പ്രാർത്ഥിച്ചും ഒരുങ്ങുന്നത്.

പെസഹാ വ്യാഴാഴ്ചകളിലും, വലിയ ആഴ്ചയിലും പള്ളികളിൽ നിറയെ ആളാണ്. നമ്മുടെ ജീവിതത്തിലെ ഓരോ പ്രധാന ദിവസങ്ങളായ ജന്മദിനം, മരണം, വിവാഹം തുടങ്ങിയ ദിവസങ്ങളിൽ ആളുകൾ കൂടുന്നതു പോലെ തന്നെ. യേശുവിന്റെ ജീവിതം കൊണ്ട് നമ്മെ നേടിത്തന്നതിന് നന്ദി പറയാനാകും വലിയ ആഴ്ചയിലെ ജനക്കൂട്ടം. കുർബാന സ്ഥാപിച്ചതിന്റെ ഓർമ പുതുക്കൽ ആഘോഷിക്കാനായിരിക്കും, പെസഹാ വ്യാഴാഴ്ചയിലെ തിരക്ക്. അതിനേക്കാൾ ഉപരി, സർവം തികഞ്ഞ ഒരു ദൈവപുത്രന്, ഏറ്റവും താഴേക്കിടയിൽ അവരുടെ കാൽ കഴുകുന്നത് കാണാനായിരിക്കും ചിലപ്പോൾ ഈ തിരക്ക്. ഉയരത്തിലിരിക്കുന്നവർ, താഴേക്കിറങ്ങി എന്തെങ്കിലും ചെയ്യുന്നത് കാണാൻ സ്വാഭാവികമായും ആള് കൂടും പക്ഷെ ചെയ്ത പ്രവൃ



പി. വി. ബൈജു

ത്തിയെ അനുകരിക്കാൻ കാഴ്ചക്കാരിൽ, എത്ര പേര് തയ്യാറാകുന്നുവെന്നതിലാണ് പെസഹാ വ്യാഴത്തിന്റെ പ്രസക്തി.

## ജീവിതത്തിന്റെ അകക്കാമ്പ്

യേശുവിന്റെ പീഡാനുഭവവാരത്തിലെ ഭൂരിഭാഗം കാര്യങ്ങളും നടന്നത് പുറത്തായിരുന്നു - ഗെത്സെമാനിലെ പ്രാർത്ഥനയും, ഗാഗുൽത്തായിലേക്കുള്ള യാത്രയും, കുരിശുമരണവും, ഉത്ഥാനവും ഉൾപ്പടെ. പീഡാനുഭവാരത്തിൽ അകത്തു നടക്കുന്ന ഒരു പ്രവൃത്തി അന്ത്യഅത്താഴത്തിലെ അപ്പം മുറിക്കലും, കാൽ കഴുകലുമാണ്. തനിക്കു ഏറ്റവും വേണ്ടപെട്ടവരോടൊപ്പം ജീവിതത്തിന്റെ അർത്ഥവത്തായ നിമിഷങ്ങൾ പങ്കുവെക്കുന്ന കർത്താവിനെയാണ് നാം പെസഹായുടെ അന്ന് കാണുന്നത്. മക്കൾ ദൂരദേശത്തു പഠിക്കാനോ മറ്റോ പോകുന്നതിനു മുൻപ്, കുടുംബാംഗങ്ങൾ ഒത്തുകൂടുന്ന പോലെ ഒരു ചടങ്ങ്. പക്ഷെ ഈ ഒത്തുകൂടൽ വ്യത്യസ്തമാകുന്നത്, അതിലെ നായകൻ എല്ലാവരുടെയും പാദങ്ങൾ കഴുകുന്നതിലൂടെയാണ്. തന്റെ ശിഷ്യർക്ക് താൻ നേടിക്കൊടുത്ത അറിവിനെകുറിച്ചോ, സ്ഥാനങ്ങളെ കുറിച്ചോ ഒരു പ്രസംഗവും യേശു അവിടെ നടത്തുന്നില്ല; ആർക്കും ഒരു ഉപദേശവും നൽകുന്നില്ല. എളിമയുടെയും, കാരുണ്യത്തിന്റെയും ഒരു പ്രവൃത്തി മാത്രമാണ് കർത്താവു ചെയ്യുന്നത്. കരുണ നിറഞ്ഞ ഒരു വാക്കു ഏതൊരു, ഉപദേശത്തേക്കാളും ഉയർന്നതാണ്, എളിമ നിറഞ്ഞ ഒരു പ്രവൃത്തി ഏതൊരു പ്രസംഗത്തെക്കാളും മികച്ചതാണ്. യേശു തന്റെ സ്വകാര്യതയിൽ ചെയ്ത പ്രവർത്തിയുടെ അന്തസത്ത ഏതു കാലഘട്ടത്തിലും പ്രസ്കതമാണ്. നമ്മുടെ ജീവിതത്തിലെ പ്രധാനപ്പെട്ട പല കാര്യങ്ങളും സംഭവിക്കുന്നതും, തീരുമാനമെടുക്കുന്നതും സ്വന്തമായോ, പങ്കാളിയോടോപ്പൊമോ, കുടുംബങ്ങളുമായോ മാത്രം ചേർന്നുള്ള സമയത്താണ്. ഉദാഹരണത്തിന് വീട്ടിൽ ഒരു കല്യാണക്കാര്യം വരുമ്പോൾ, ബന്ധുക്കാരും സ്വന്തക്കാരും ചേർന്ന് ചർച്ച ചെയ്യുമ്പോഴും, അതിന്റെ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നത് കുടുംബാംഗങ്ങൾ മാത്രം ചേർന്നിരിക്കുന്ന സ്വകാര്യമായ ഇടങ്ങളിലാണ്. അതുപോലെതന്നെ, വീട്ടിൽ ഒരു കല്യാണമോ മറ്റോ കഴിയുമ്പോൾ, വീട്ടുകാർ മാത്രം ഒരുമിച്ചിരുന്ന് നടത്തുന്ന ഒരു വിലയിരുത്തലിൽ ആണ്, ചടങ്ങിനെകുറിച്ചുള്ള ആധികാരിക അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നത്. ബിസിനസിലാണെങ്കിലും, രാഷ്ട്രീയത്തിലാണെകിലും പ്രധാനപ്പെട്ട ആളുകൾ ചേർന്ന് വരുന്ന, പരസ്യമല്ലാത്ത മീറ്റിംഗുകളിൽ ആണ് സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. തന്റെ ജീവിതത്തിന്റെ അനിവാര്യമായ അവസാനം അടുത്തു എന്നറിഞ്ഞ ക്രിസ്തു, തന്റെ ശിഷ്യരെ മാത്രം വിളിച്ചു കൂട്ടി, അവർക്കു അന്ത്യ അത്താഴം നൽകുന്നു. കർത്താവ് വിചാരിച്ചിരുന്നെങ്കിൽ, നൂറു കണക്കിന് ആളുകളെ അത്താഴത്തിനു കൂട്ടാമായിരുന്നു. എങ്കിലും, തന്റെ പ്രിയപ്പെട്ടവരോടൊത്തു കുറെ പ്രധാനപ്പെട്ട നിമിഷങ്ങൾ കഴിയുവാനും, കുർബാന സ്ഥാപിക്കാനും, അവരുടെ കാലു കഴുകാനുമാണ് കർത്താവ് ആഗ്രഹിച്ചത്.

## സോഷ്യൽ മീഡിയയിൽ കാണാത്തത്

എന്നാൽ ഈ കാലഘട്ടത്തിൽ സ്വകാര്യ ഇടങ്ങളിലെ അർത്ഥവത്തായ പങ്കുവെക്കലുകളെക്കാൾ ഉപരി മാലോകരെ കാണിക്കാനുള്ള ആഘോഷങ്ങൾക്കാണ് മുൻഗണന എന്ന് തോന്നിപോകുന്നു. 2024 ൽ ഇറങ്ങിയ ഒരു മലയാള സിനിമയാണ് ഹേർ. അത്രയ്ക്ക് ഹിറ്റായില്ലെങ്കിലും കേരളത്തിലെ സ്ത്രീകളുടെ ജീവിതാനുഭവങ്ങളെ വിശദമാക്കുന്ന അഞ്ചു കഥകളാണ് ആ സിനിമയിൽ ഉള്ളത്. അതിലെ ഒരു കഥയിലെ നായിക വളരെ പ്രശസ്തയായ ഒരു യൂട്യൂബർ ആണ്. അവർ ഓരോ ദിവസവും ഉണ്ടാക്കുന്ന മനോഹരമായ വീഡിയോകൾക്ക് ആയിരക്കണക്കിന് ലൈകും ഷെയറും ആണ് കിട്ടുന്നത്.

ഒരിക്കൽ കേരളത്തിലെ പ്രശസ്തമായ ഒരു സ്വർണക്കട ഉത്ഘാടനം ചെയ്യാൻ ഈ സോഷ്യൽ മീഡിയ ഇൻഫ്ലുൻസറെ വിളിച്ചു. അവർ അവിടെ ചെല്ലുമ്പോൾ അറിയുന്നു, ആ ഉത്ഘാടന പരിപാടി അവർ ക്യാൻസൽ ചെയ്തെന്ന്. അതിന്റെ കാരണം അറിഞ്ഞ അവർ ഞെട്ടിപ്പോയി. തന്റെ വീഡിയോകൾ എഡിറ്റ് ചെയ്യുന്ന സ്റ്റാഫ്, ഒരു പുതിയ വീഡിയോ ഇവർ അറിയാതെ, അവർ വീട്ടിൽ നിന്നും ഇറങ്ങിയ നേരത്തു സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. നിമിഷങ്ങൾക്കുള്ളിൽ അത് വൈറൽ ആയി. ഇവർ ഓരോ വീഡിയോ എടുക്കുന്നതിനു മുൻപും ശേഷവുമുള്ള ഭാഗങ്ങൾ ചേർത്തുള്ള ഒരു വീഡിയോ ആയിരുന്നു അത്. കുടുബത്തോടൊപ്പമുള്ള വീഡിയോ എടുക്കുന്നതിനു മുൻപ്, ഭർത്താവിനെ ശകാരിക്കുന്നതും, മക്കളെ വഴക്കു പറയുന്നതും, വീട്ടിലെ വേലക്കാരിയുടെ കൈയിൽ നിന്നും ചൂല് വാങ്ങി മുറ്റമടിക്കുന്നത് ചിരിച്ചു കൊണ്ട് ഷൂട്ട് ചെയ്തതിനു ശേഷം അവരോട് ദയയില്ലാതെ പെരുമാറുന്നതും മറ്റും ചേർത്ത ഒരു വീഡിയോ.

സോഷ്യൽ മീഡിയയിൽ നല്ലവരായി പെരുമാറുന്നവരുടെ യഥാർത്ഥ മുഖം പുറത്തു വന്നപ്പോൾ, ആ സ്വർണക്കടക്കാർ അവരുടെ കടയുടെ ഉത്ഘാടനമേ മാറ്റിവെച്ചു. നമ്മുടെ പലരുടെയും സോഷ്യൽ മീഡിയ ജീവിതവും ഇങ്ങനെയാണ്, യഥാർത്ഥ ജീവിതം കണ്ടാൽ സോഷ്യൽ മീഡിയയിൽ കാണുന്ന നന്മകളുടെയും ചിരിയുടെയും നേരെ വിപരീതമായിരിക്കും. മറിച്ച് യേശുവിന്റെ ജീവിതത്തിന്റെ അകത്തും പുറത്തും ഒരു പോലെയായിരുന്നു, മറച്ചുപിടിക്കാനും, ഒളിച്ചു വെക്കാനും ഒന്നുമില്ലായിരുന്നു.

ഇന്ന് പലരുടെയും സോഷ്യൽ മീഡിയ പോസ്റ്റുകൾ കാണുമ്പോൾ, കുടുംബജീവിതവും, സാമൂഹ്യ ജീവിതവും എത്ര സന്തോഷകരമാണ് എന്ന് കാണുന്നവർക്കു തോന്നിപ്പോകും. പക്ഷെ യഥാർത്ഥ ജീവിതത്തിൽ, അവർ അർത്ഥവത്തായ നിമിഷങ്ങൾ പങ്കുവെക്കുന്നവർ ആയിരിയ്ക്കണമെന്നില്ല.

ഈയിടെ ഒരു വക്കീൽ പറഞ്ഞ കാര്യം ഓർമ വരുന്നു. ഭാര്യയും ഭർത്താവും, ഇനിയും ഒരുമിച്ചു പോകാൻ കഴിയാത്തതിനാൽ ഡിവോഴ്സിനായി

വക്കീലിനെ സമീപിച്ചു. രണ്ടു പേരുടെയും സമ്മതത്തോടെ ഡിവോഴ്സിന്റെ നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ഇതിനിടയിൽ രണ്ടു പേരെയും കാണാനായി വിളിച്ചപ്പോൾ, രണ്ടും പേർക്കും വക്കീൽ നിർദേശിച്ച ദിവസം വരാൻ സാധിക്കില്ല. അവർ രണ്ടു പേരും കൂടി ഒരുമിച്ച് ഒരു വിദേശ യാത്ര പോകുകയാണ്. അവരുടെ വിദേശ യാത്രയുടെ ഫോട്ടോകൾ സാമൂഹ്യ മാധ്യമങ്ങളിൽ കാണുമ്പോൾ, അവരുടെ കുടുംബജീവിതത്തെക്കുറിച്ചു മറ്റുള്ളവർ അസൂയയോടെ നോക്കുന്നുണ്ടാവും. പക്ഷെ അവരുടെ സ്വകാര്യ ജീവിതത്തിലെ അനുഭവങ്ങൾ, എത്ര വ്യത്യസ്തമാണ്.

മിന്നതെല്ലാം പൊന്നല്ല, എന്നതിനെ സോഷ്യൽ മീഡിയയിൽ മിന്നുതെല്ലാം, യഥാർത്ഥ ജീവിതമല്ല എന്ന് തിരുത്തേണ്ടിയിരിക്കുന്നു. യേശു ക്രിസ്തു ഈ കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതെങ്കിൽ, തന്റെ അന്ത്യ അത്താഴമോ, കാൽ കഴുകലോ ഒന്നും സോഷ്യൽ മീഡിയയിൽ ഇടുന്നുണ്ടാവില്ല. ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ അറിയേണ്ടവർ അറിയേണ്ട രീതിയിൽ അറിഞ്ഞിരുന്നാൽ മതി; അവരെ പങ്കെടുപ്പിക്കുകയും, അറിയിക്കുകയും ചെയ്താൽ മതി. അതാണ് പെസഹാ അനുഭവം. ഒരു സോഷ്യൽ മീഡിയ പോസ്റ്റും ഉണ്ടായിരുന്നില്ലെങ്കിലും ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഏറ്റവും വലിയ എളിമ പ്രവർത്തി, യേശു ക്രിസ്തുവിന്റെ കാല് കഴുകൽ ആയിരിക്കാം. ജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ നിമിഷങ്ങൾ ഒരിക്കലും സോഷ്യൽ മീഡിയയിൽ കാണാറില്ല. മാത്രമല്ല അവ പൊതു സമക്ഷം അവതരിപ്പിക്കേണ്ടവയുമല്ല. പുറത്തുള്ളവർക്ക് കാണാൻ വേണ്ടിയല്ലാതെ, കുടുംബത്തിനകത്തും, പങ്കാളികൾ തമ്മിലും, സഹോദരങ്ങൾ തമ്മിലും, ഉണ്ടാകുന്ന കരുതലിന്റെ, കൊടുക്കൽ വാങ്ങലിന്റെ, കരുണയുടെ, അഭിനന്ദനത്തിന്റെ, പങ്കുവെക്കലിന്റെ അനുഭവമാണ് ജീവിതമാകുന്ന പെസഹാ. അതാണ് യേശുക്രിസ്തു അന്ന് സെഹിയോൻ ഊട്ടുശാലയിൽ നടത്തിയത്, നമ്മുടെ ഭവനമാകുന്ന ഊട്ടുശാലകളിൽ നടക്കേണ്ടത്.

## എന്നെ മുഴുവൻ കഴുകൂ

നീ എന്റെ പാദങ്ങൾ കഴുകരുത് എന്ന് പത്രോസ് പറഞ്ഞത്, തൻറെ ഗുരുവിനോടുള്ള ബഹുമാനം കൊണ്ടായിരിക്കാം. പക്ഷെ ഗുരുവിന്റെ മറുപടി പത്രോസിനെ ഞെട്ടിച്ചുകളഞ്ഞു, ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോട് കൂടി പങ്കില്ല (യോഹ: 13:08). പാദം കഴുകുന്ന പ്രവൃത്തിയിൽ പങ്കെടുത്താൽ മാത്രമേ, ഞാൻ എന്താണെന്ന് നിനക്കു പൂർണ്ണമായി അറിയാനാകൂ എന്നാണ് യേശു ഉദ്ദേശിച്ചിട്ടുണ്ടാകുക. അത് മനസിലായപ്പോഴാണ്, തന്റെ പാദം മാത്രമല്ല, ദേഹം മുഴുവൻ കഴുകാൻ പത്രോസ് ആവശ്യപ്പെടുന്നത്. തന്നെ പൂർണ്ണമായും ഗുരുവിനു വിട്ടുകൊടുത്തുകൊണ്ടു, സ്വയം പരിവർത്തനം ചെയ്യാനുള്ള പത്രോസിന്റെ ആഗ്രഹമാണ് നമ്മൾ പിന്നീട് കാണുന്നത്. സ്വയം പിടിച്ചു വെക്കാതെ, മാറ്റത്തിന് വിധേയനാകാൻ പത്രോസ് കാണിക്കുന്ന എളിമയും ധൈര്യവും ആണ് പത്രോസിനെ സഭയുടെ നായകൻ ആക്കി തീർത്തത്.

## കാല് കഴുകി നേടിയ ചരിത്രം

ഇന്ത്യയിൽ ഇപ്പോൾ ഐപിഎൽ ക്രിക്കറ്റ് നടന്നുകൊണ്ടിരിക്കയാണ്. നമ്മൾ ഒരിക്കലും നേരിട്ട് കാണാത്ത, പത്രങ്ങളിൽ വായിച്ചും, ടിവിയിൽ കണ്ടും, സാമൂഹ്യ മാധ്യമങ്ങളിൽ ചർച്ച ചെയ്തും, പരിചയിച്ച കളിക്കാർക്കു വേണ്ടി നമ്മൾ ആർപ്പു വിളിക്കുന്നു. നമുക്ക് ഒരു ബന്ധവും ഇല്ലാത്ത ടീമിന് വേണ്ടി നാം വാദിക്കുന്നു. ലോക ചരിത്രത്തിൽ എല്ലായ്പ്പോഴും, നേതാക്കൾക്കും, ചാമ്പ്യന്മാർക്കും, ജയിക്കുന്നവർക്കും വേണ്ടി ജയ് വിളിക്കാനും, പോരാടാനും മനുഷ്യർ ഉണ്ടായിട്ടുണ്ട്. എന്നാൽ യാതൊരുവിധ ഭൗതീകനേട്ടങ്ങളും ഉണ്ടാക്കിയിട്ടില്ലാത്ത ക്രിസ്തുവിനു വേണ്ടിയാണ് ലോകത്തു ഏറ്റവും ആരാധകരും അനുയായികളും ഉണ്ടായിട്ടുള്ളത്. അനേകരുടെ കാലുകളും തലകളും വെട്ടിക്കളഞ്ഞ അധികാരികളെ കുറിച്ച് നമ്മൾ ചരിത്രത്തിൽ പഠിക്കുന്നുണ്ട്. എന്നാൽ ആരുടെയെങ്കിലും കാല് കഴുകിയ ഒരാളെക്കുറിച്ചു മാത്രമേ ചരിത്രം പറയുന്നുള്ളൂ. കാലു കഴുകിയും മറ്റുള്ളവരോട് കരുണ കാണിച്ചും രണ്ടായിരം വർഷമായി ഇ ലോകത്തെ മുഴുവൻ സ്വാധീനിച്ച ഒരാൾ മാത്രമേ ഈ ഭൂമിയിൽ ജീവിച്ചിരുന്നിട്ടുള്ളു. കാല് വെട്ടി നേടിയത് രാജ്യങ്ങൾ ആയിരുന്നെങ്കിൽ കാല് കഴുകി നേടിയത് മനുഷ്യരുടെ ഹൃദയങ്ങൾ ആയിരുന്നു. അത് കൊണ്ടാണ്, എത്രയൊക്കെ ചരിത്രപുരുഷന്മാരും സ്ത്രീകളും തമസ്കരിക്കപ്പെട്ടിട്ടും ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും, നമ്മൾ പെസഹാ കാര്യമായിത്തന്നെ ആഘോഷിക്കുന്നത്.

## പെസഹായുടെ കല്പന

പെസഹാക്ക് ഇംഗ്ലീഷിൽ Maundy Thursday എന്നാണ് പറയുന്നത്. mandatum എന്ന ലാറ്റിൻ വാക്കിൽ നിന്നുമാണ്, Maundy എന്ന വാക്ക് വരുന്നത്. മലയാളത്തിൽ കല്പന, ശാസനം തുടങ്ങിയ അർഥം വരുന്ന ാമിറമലേ എന്നാണ് mandatum എന്ന ലത്തീൻ വാക്കിന്റെ അർഥം. അതായത് യേശു തന്റെ പുതിയ കല്പന നൽകിയ ദിവസം കൂടിയാണ് പെസഹാ വ്യാഴം അല്ലെങ്കിൽ Maundy Thursday. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്നതാണ് യേശുവിന്റെ പുതിയ കല്പന. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും മോചിതരായതിന്റെ ഓർമ കൊണ്ടാടിയിരുന്ന പെസഹാക്കു - കടന്നുപോകൽ എന്നർത്ഥം - പുതിയ നിയമത്തിൽ, യേശു പര്സപര സ്നേഹത്തിന്റെ പുതിയ അർഥം നൽകുകയാണ്.


പെസഹാ വ്യാഴാഴ്ച ഓർമിക്കുവാൻ മൂന്നു കാര്യങ്ങളാണ്. ഒന്ന് കാലു കഴുകൽ ആണ്. ജീവിതത്തിൽ എന്തെങ്കിലും ആവശ്യമുള്ളവനെ കാണുമ്പോൾ, കർത്താവു ശിഷ്യരുടെ കാലു കഴുകിയതിനു ശേഷം പറഞ്ഞ വാക്കുകൾ ഓർമ വരണം, “ഞാൻ ചെയ്തതു പോലെ, നിങ്ങളും അന്യോന്യം ചെയ്യുവിൻ.”

രണ്ടാമതായി, യേശു സ്ഥാപിച്ച

പരിശുദ്ധ കുർബാനയിലൂടെ യേശു നമ്മോടൊപ്പം എന്നുമുണ്ടെന്ന ബോധ്യം പെസഹാ നമുക്ക് തരുന്നു. തന്നെതന്നെ മുറിച്ചു അപ്പമായി നൽകിയ പരിശുദ്ധ കുർബാനയിലൂടെ യേശു നമ്മോടൊപ്പം എന്നും വസിക്കുന്നുവെന്നത് അനുദിന ജീവിതത്തിനു കരുത്താണ്.

മൂന്നാമതായി, കാല് കഴുകലും അപ്പം മുറിക്കലും ദു:ഖവെള്ളിക്കുള്ള ഒരുക്കമാണ്. തന്റെ കുരിശുമരണം മുന്നിൽ കണ്ടാണ് യേശു അന്ത്യ അത്താഴത്തിനു ഇരിക്കുന്നത്. തന്നെ ഒറ്റികൊടുക്കാനുള്ളവനെ പോലും യേശു തിരിച്ചറിഞ്ഞിരുന്നു. ഏതു യാതനയും നേരിടാനുള്ള ഒരുക്കമാണ്, ഏറ്റവും അടുപ്പമുള്ളവരോടൊപ്പം കുറച്ചു സമയം ചെലവിട്ടുകൊണ്ട് യേശു നടത്തിയത്. തനിക്ക് ഇഷ്ടമുള്ളവരെ മാത്രം വിളിച്ചല്ല യേശു പാദങ്ങൾ കഴുകിയത്. തന്നെ ഒറ്റികൊടുക്കാൻ പോകുന്നവനെയും തന്നെ തള്ളി പ്പറയാൻ പോകുന്നവനെയും യേശുവിനു അറിയാമായിരുന്നു. എന്നാൽ യേശു അവരുടെയും പാദങ്ങൾ കഴുകി. സ്നേഹ ത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണത്.

നിത്യജീവിതത്തിൽ മറ്റുള്ളവരുടെ കാലു കഴുകാനുള്ള നിരവധി ഇടങ്ങൾ ഇപ്പോഴും നമ്മെ തേടിയെത്തും - നമുക്ക് ഇഷ്ടമുള്ളവരുടെയും, ഇഷ്ടമില്ലാത്തവരുടെയും, നമ്മളെ ദ്രോഹിച്ചവരുടെയും. പണ്ട് സ്കൂളിൽ പഠിപ്പിക്കുമ്പോൾ അധ്യാപകർ പറഞ്ഞു തരാറുള്ള ചില നന്മ പ്രവർത്തികൾ ഇത്തരത്തിലുള്ള കാലു കഴുകലാണ്. എന്റെ കാലൊന്നു കഴുകൂ എന്ന് നമ്മളോട് ചുറ്റുമുള്ള പലരും പറയാതെ പറയുന്നുണ്ട്. ഒരു പുഞ്ചിരിയിലൂടെയോ, ഒരു ചേർത്തുപിടിക്കലിലൂടെയോ, കുറച്ചു നേരം കേൾക്കാൻ ചെവി കൊടുക്കുന്നതിലൂടെയോ, ഒരു മാപ്പ്, ഒരു ആശ്വാസവാക്ക് പറയുന്നതിലൂ ടെയോ നമുക്ക് മറ്റുള്ളവരുടെ പാദങ്ങൾ കഴുകാനാകും. നമ്മുടെ അധികാര ത്തിന്റയും, സ്ഥാനത്തിന്റെയും,



സ്വത്തിന്റെയും, പ്രായത്തിന്റെയും, പദവിയുടെയും, പ്രതാപത്തിന്റെയും, ഈഗോയുടെയും ഇരിപ്പിടങ്ങളിൽ നിന്ന് താഴേക്കിറങ്ങണമെന്നു മാത്രം. എന്റെ കാലൊന്നു കഴുകൂ എന്ന് മിണ്ടാതെ പറഞ്ഞിട്ടോ, ഉച്ചത്തിൽ പറഞ്ഞിട്ടോ ആരാലും കേൾക്കപ്പെടാതെ പോകുന്നവരെ കുറിച്ചാണ് നമ്മൾ ദിവസേന പത്രങ്ങളിൽ വായിക്കുന്നത്, ആത്മഹത്യകളും, മരണങ്ങളും, അക്രമണങ്ങളും മറ്റുമായി.

ഒരിക്കലും തിരിച്ചു തരാൻ കഴിയാത്ത ഒരാൾക്ക് സഹായം നൽകുന്നതാണ് മനുഷ്യസ്നേഹത്തിന്റെ ഏറ്റവും ഉദാത്ത അവസ്ഥ. ആരെന്നറി യാത്തവരുടെയും, ഒരിക്കലും ഒന്നും തിരിച്ചു കിട്ടില്ലെന്നുറപ്പുള്ളവരുടെയും കാലുകൾ കഴുകുന്നതാണ്, ഞാൻ ചെയ്തതുപോലെ പരസ്പരം ചെയ്യുവിൻ എന്ന കല്പനയുടെ പരമമായ നിർവഹണം. എല്ലാ ദിവസവും ഒരു പെസഹാവ്യാഴം ആകട്ടെ, ആരുടെയെങ്കിലും കാലു കഴുകാൻ ഇടയാകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com